പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2053 **26-10-2026-ൽ മറുപടിയ്ക്ക്**

ഇടനിലക്കാരെ ഒഴിവാക്കി മരുന്ന് വാങ്ങൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. കെ. ജയന്ത്

ശ്രീമതി ഉഷ വിജയൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സർക്കാർ ആശുപത്രികൾക്ക് വേണ്ടി മരുന്നുകൾ സംഭരിക്കുന്ന കെ.എം.എസ്.സി.എൽ. ഇൻസുലിൻ, എറിത്രോപോയിറ്റിൻ ഇഞ്ചക്ഷൻ, റിസ്ഡിപ്ലാം എന്നീ മരുന്നുകൾ ഇടനിലക്കാരെ ഒഴിവാക്കി മരുന്ന് കമ്പനികളിൽ നിന്നും നേരിട്ട് സംഭരിക്കാൻ നടപടി സ്വീകരിച്ചോ; വ്യക്തമാക്കുമോ;

മറുപടി: കെ.എം.എസ്.സി.എൽ. ക്ഷണിക്കുന്ന ദർഘാസുകളിൽ മരുന്ന് കമ്പനികൾക്ക് നേരിട്ട് മാത്രമേ പങ്കെടുക്കുവാൻ സാധികയുള്ളൂ, ഇടനിലക്കാർ, ഏജന്റുമാർ, കരാറുകാർ എന്നിവർക്ക് പങ്കെടുക്കുവാൻ സാധിക്കുകയില്ല.

ഇൻസുലിൻ, എറിത്രോപോയിറ്റിൻ ഇഞ്ചക്ഷൻ, എന്നിവയുടെ കാരുണ്യയിലെ നിലവിലെ നിരക്ക്, മാർക്കറ്റ് നിരക്കുമായി താരതമ്യം ചെയ്തതിനു ശേഷം ആ കമ്പനികളുമായി പുനഃ വിലപേശൽ ചർച്ചകൾ നടത്തി വില കുറയ്ക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം കമ്പനികളിൽ നിന്നും നേരിട്ട് മരുന്ന് സംഭരിക്കുന്നതിനുള്ള നടപടികൾ കെ.എം.എസ്.സി.എൽ സ്വീകരിച്ചിട്ടുണ്ട്. റിസ്ഡിപ്ലാം എന്ന മരുന്ന് കമ്പനി നേരിട്ട് വിതരണം ചെയ്യുന്നതാണ്. ഔഷധ വിപണിയിൽ ലഭ്യമായ ഏറ്റവും കുറഞ്ഞ വിലയ്ക്കാണ് കമ്പനി കാരുണ്യക്ക് നൽകുന്നത്.

(ബി) ഇപ്രകാരം കമ്പനികളിൽ നിന്ന് നേരിട്ട് മരുന്ന് സംഭരിച്ചപ്പോൾ വിലയിൽ കാര്യമായ വ്യത്യാസമുണ്ടായോ; വിശദമാക്കുമോ;

മറുപടി: കമ്പനികളിൽ നിന്ന് നേരിട്ട് മരുന്ന് സംഭരിക്കുമ്പോൾ ഇൻസുലിൻ, എറിത്രോപോയിറ്റിൻ ഇഞ്ചക്ഷൻ, ക്യാൻസർ മരുന്നുകൾ ഉൾപ്പെടെയുള്ള എല്ലാ മരുന്നുകളും വളരെ വിലക്കുറവിൽ സംഭരിക്കാൻ KMSCL-നു സാധിക്കും. "കാരുണ്യ സ്പർശം" സീറോ പ്രോഫിറ്റ് ഹൈവാല്യൂ ആന്റി കാൻസർ മെഡിസിൻ കൗണ്ടറുകൾ വഴി ക്യാൻസർ രോഗികൾക്കു ഉപയോഗിക്കുന്ന മരുന്നുകൾ, അവയവ മാറ്റ ശസ്ത്രക്രിയ നടത്തിയ രോഗികൾ ഉപയോഗിക്കുന്ന എറിത്രോപോയിറ്റിൻ ഇഞ്ചക്ഷൻ എന്നിവ പൊതു വിപണിയിൽ ലഭിക്കുന്നതിനേക്കാൾ കുറഞ്ഞ വിലയിൽ കാരുണ്യയിൽ ലഭ്യമാണ്. മുഴുവൻ ലാഭവും രോഗികൾക്ക് പ്രയോജനപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(സി) സംസ്ഥാനത്തിന് ആവശ്യമായ മരുന്ന് വാങ്ങാൻ കെ.എം.എസ്.സി.എൽ. 2026 മാർച്ചിൽ ഒപ്പുവച്ച ഒരു വർഷം കാലാവധിയുള്ള കരാർ അവസാനിക്കുമ്പോൾ എല്ലാ മരുന്നുകളും കമ്പനികളിൽ

നിന്നും നേരിട്ട് വാങ്ങുന്ന കരാറിൽ ഏർപ്പെടാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

മറുപടി: ദർഘാസിൽ ലഭ്യമാകുന്ന നിരക്കുകൾ ഡ്രഗ്സ് കൺട്രോളർ സമർപ്പിക്കുന്ന Available market rate, Karunya rate, NPPA rate, മുൻവർഷത്തെ ദർഘാസ് നിരക്ക് എന്നിവയുമായി താരതമ്യം ചെയ്തതിനു ശേഷം, കെ.എം.എസ്.സി.എൽ.-ന്റെ ഡയറക്ടർ ബോർഡ് യോഗം ന്യായയുക്തമാണോ എന്ന് പരിശോധിച്ചാണ് അന്തിമമാക്കുന്നത്.

ഇത്തരത്തിൽ അംഗീകരിച്ച് അന്തിമമാക്കുന്ന കമ്പനികൾക്ക് കോർപ്പറേഷൻ നേരിട്ട് വിതരണാനുമതി നൽകുകയും, ടി കമ്പനികളുമായി കരാറിൽ ഏർപ്പെടുകയമാണ് ചെയ്തു വരുന്നത്.

സെക്ഷൻ ഓഫീസർ